DESPATCHED
On. 12/06/2020

19/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1734*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10533** /*എസ്.ഐ.സി-ജി 6/14)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.ഒ.വി. നാരായണൻ,
അടിച്ചേരി പി.ഒ., മലപ്പട്ടം വഴി,
ശ്രീകണ്ഠപുരം, പിൻ – 670 631. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
കൃഷി ഓഫീസർ,
കൃഷി ഭവൻ, മലപ്പട്ടം പി.ഒ.

2. അപ്പീൽ അധികാരി&
പ്രിൻസിപ്പൽ കൃഷി ഓഫീസർ,
പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.02.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.02.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04.04.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.07.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.07.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ഒ.വി. നാരായണൻ,

07.07.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 08.07.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1734(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും തുടർന്ന് അപ്പീൽ അധികാരി വ്യക്തതയില്ലാത്തതും ദുരുദ്ദേശപരവുമായ ഒരു മറുപടിയാണ് നൽകിയതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.02.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മലപ്പട്ടം കൃഷി ഭവൻ പരിധിയിലെ നെൽകർഷകരുടെ പേരും വിലാസവും രജിസ്റ്റർ നമ്പരും നൽകണമെന്നും ഓരോ പാടശേഖര സമിതിയുടെയും വിസ്തീർണ്ണം, കൃഷിക്കാരുടെ എണ്ണം, എന്നിങ്ങനെ 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 22.02.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ റെക്കാർഡുകളിൽ ലഭ്യമാണെന്നും ഹർജിക്കാരന് ഓഫീസിൽ ഹാജരായി പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ നിശ്ചിത ഫീസൊടുക്കി കൈപ്പറ്റാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 04.04.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ 2007 മുതൽ 2014വരെയുള്ള നെൽകർഷകരുടെ പേരു വിവരങ്ങൾ ഉൾപ്പെടെ ഒട്ടേറെ വിവരങ്ങൾ അടങ്ങിയിട്ടുള്ളതാണെന്നും ഇപ്രകാരം ബൃഹത്തും സങ്കീർണ്ണവുമായ വിവരങ്ങൾ നൽകുന്നത് പൊതു അധികാര സ്ഥാപനത്തിന്റെ നിവൃത്തി മാർഗ്ഗങ്ങളെ അനുയോജ്യമല്ലാതെ വ്യതിചലിപ്പിക്കുമെന്നതിനാലാണ് വിവരാവകാശ നിയമത്തിൽ നിഷ്ക്കർച്ചിട്ടുള്ളതാകയാൽ വകുപ്പ് 7(9) പ്രകാരം രേഖകൾ ഓഫീസിൽ വന്ന് പരിശോധിക്കുന്നതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതെന്നുമാണ്. എന്നാൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുമായി ബന്ധപ്പെട്ടതായി കാണുന്നില്ലെന്നും ആകയാൽ ടിയാന്റെ പരാതി നിലനിൽക്കുന്നതല്ലെന്നും ടി സാഹചര്യത്തിൽ എസ്.പി.ഐ.ഒ.യുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിക്കാവുന്നതും പകർപ്പുകൾ ലഭ്യമാക്കേണ്ടതാണെന്നും ആയതിന് ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യ്ക്ക് ടി ഓഫീസിൽ നിന്ന് നിർദ്ദേശം നൽകുമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പാടശ്ശേഖര സമിതിയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കാനാണ് ആവശ്യപ്പെട്ടതെന്നും ടിയാൻ ഓഫീസിൽ ഹാജരായപ്പോൾ പ്രസ്തുത ദിവസം സൗകര്യമില്ല എന്നാണ് അറിയിച്ചതെന്നും പലതവണ പോയപ്പോഴും അവസരം നൽകിയില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 2007 മുതൽ 2014വരെയുള്ള നെൽക്കൃഷി സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും 2010വരെ ആഡിറ്റ് നടന്നിട്ടുള്ളുവെന്നും ടിയാന്റെ അപേക്ഷയിൽ വളരെ ബൃഹത്തായ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിനാലാണ് ഓഫീസിൽ ഹാജരായി പരിശോധിക്കാൻ അറിയിച്ചതെന്നുമാണ്. എന്നാൽ ഫയൽ പരിശോധിച്ച് ലഭ്യമായ വിവരങ്ങൾ ഇന്നുമുതൽ 30 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്നും ടി വിവരം കാണിച്ച് കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 19-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *